# Visit of the Prime Minister of Denmark to India (October 9-11, 2021)

October 12, 2021

---

## ഡെൻമാർക്ക് പ്രധാനമന്ത്രിയുടെ ഇന്ത്യ സന്ദർശനം (ഒക്ടോബർ 9-11, 2021)

ഒക്ടോബർ 12, 2021

1.ഡെൻമാർക്ക് പ്രധാനമന്ത്രി മെറ്റ് ഫ്രെഡറിക്സൺ 2021 ഒക്ടോബർ 9 മുതൽ11 വരെയുള്ള തിയ്യതികളിൽ ഇന്ത്യൻ സന്ദർശനം നടത്തി. കോവിഡ് -19 പകർച്ചവ്യാധിയ്ക്ക് ശേഷം മറ്റൊരു ഭരണകൂട മേധാവിയുടെ ആദ്യ ഇന്ത്യൻ സന്ദർശനമായിരുന്നു ഇത്.

2. പ്രധാനമന്ത്രി ഫെഡ്രിക്സനൊപ്പം ഉന്നതതല ഉദ്യോഗസ്ഥരും ബിസിനെസ്സ് പ്രതിനിധികളും ഉണ്ടായിരുന്നു. തന്റെ ഉഭയകക്ഷി ചർച്ചകളിൽ , പ്രധാനമന്ത്രി ഫ്രെഡറിക്സൺ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായി കൂടികാഴ്ച നടത്തി. ബഹുമാനപ്പെട്ട ഇന്ത്യയുടെ രാഷ്ട്രപതിയെയും അവർ സന്ദർശിച്ചു. വിദേശകാര്യമന്ത്രി പ്രധാനമന്ത്രി ഫെഡ്റിക്സ്ണെ സന്ദർശിച്ചു.

3. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പങ്കാളിത്തം പ്രകടമാക്കുന്ന ഊഷ്മളവും സൗഹാർദ്ദപരവുമായ അന്തരീക്ഷത്തിലാണ് ഉഭയകക്ഷി ചർച്ചകൾ നടന്നത്. സ്ഥാപിതമായ ഗ്രീൻ സ്ട്രാറ്റജിക് പങ്കാളിത്തത്തിലെ പുരോഗതി ഇരുപക്ഷവും അവലോകനം ചെയ്തു

4. സന്ദർശന വേളയിൽ, ഭക്ഷ്യ സുരക്ഷ, കോൾഡ് ചെയിൻ, ഫുഡ് പ്രോസസ്സിംഗ്, രാസവളങ്ങൾ, ഫിഷറീസ്, അക്വാകൾച്ചർ തുടങ്ങിയ മേഖലകളിലുൾപ്പെടെ കാർഷിക സാങ്കേതിക മേഖലകളിൽ സഹകരണം കൂടുതൽ വിപുലീകരിക്കാൻ ഇരു രാജ്യങ്ങളും തീരുമാനിച്ചു. റിസോഴ്സ് മാനേജ്മെന്റ്, വേസ്റ്റ് ടു ബെസ്റ്റ്-മാലിന്യത്തിൽ നിന്ന് മികച്ച വിഭവങ്ങൾ സൃഷ്ടിക്കൽ, കാര്യക്ഷമമായ വിതരണ ശൃംഖല മാനേജ്മെന്റ് എന്നിങ്ങനെയുള്ള പുതിയ മേഖലകളും തിരിച്ചറിഞ്ഞു. ആരോഗ്യ മേഖലയിലെ സഹകരണത്തെ ഇരുപക്ഷവും സ്വാഗതം ചെയ്തു.
5. ഇരു നേതാക്കളും ഹരിത സാങ്കേതികവിദ്യകളിലെ പങ്കാളിത്തത്തെയും കാറ്റ് സൌരോർജം,എന്നിവയുൾപ്പെടുന്ന പുനരുപയോഗിക്കാവുന്ന ഊർജ്ജം വെള്ളം, ഷിപ്പിംഗ്, തുറമുഖങ്ങൾ, ഇൻഫ്രാസ്ട്രക്ചർ, സർക്കുലർ ഇക്കോണമി എന്നിവ പോലുള്ള മേഖലകളിലെ സുസ്ഥിര പരിഹാരങ്ങളെ അഭിനന്ദിച്ചു.. ഇന്ത്യയിൽ നിലവിലുള്ള 200 ലധികം ഡാനിഷ് കമ്പനികൾ മെയ്ക്ക് ഇൻ ഇന്ത്യ, ജൽ ജീവൻ മിഷൻ, ഡിജിറ്റൽ ഇന്ത്യ, സ്കിൽ ഇന്ത്യ, നാമമേ ഗംഗേ തുടങ്ങിയ ഇന്ത്യയുടെ പ്രധാന ദേശീയ ദൗത്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ സജീവമായി പങ്കെടുക്കുന്നു.ഡെന്മാർക്കിൽ നിക്ഷേപങ്ങൾ നടത്തുന്നതിനായി കൂടുതൽ ഇന്ത്യൻ കമ്പനികളെ ഡാനിഷ് പ്രധാനമന്ത്രി സ്വാഗതം ചെയ്തു.

6. പകർച്ചവ്യാധിക്ക് ശേഷമുള്ള ആഗോള സാമ്പത്തിക വീണ്ടെടുക്കൽ, ഇന്തോ-പസഫിക്, അഫ്ഗാനിസ്ഥാനിലെ സാഹചര്യം എന്നിവയുൾപ്പെടെ പ്രാദേശികവും ആഗോളവുമായ സംഭവവികാസങ്ങളും ഇരു പ്രധാനമന്ത്രിമാരും ചർച്ച ചെയ്തു. ഇന്ത്യ-ഇയു എഫ്ടിഎ ചർച്ചകൾ പുനരാരംഭിക്കാനുള്ള തീരുമാനത്തെ ഇരു

നേതാക്കളും സ്വാഗതം ചെയ്യുകയും അവ നേരത്തെ തീർക്കുമെന്ന് പ്രതീക്ഷ പ്രകടിപ്പിക്കുകയും ചെയ്തു.

7. പരമ്പരാഗത വിജ്ഞാനം, നൈപുണ്യ വികസനം, ഭൂഗർഭ ജല വിഭവങ്ങളുടെ മാപ്പിംഗ്, ശീതീകരണ സാങ്കേതികവിദ്യ എന്നീ മേഖലകളിൽ ഇരു ഭരണകൂടങ്ങൾക്കുമിടയിൽ നാല് ധാരണാപത്രങ്ങളും കരാറുകളും സന്ദർശന വേളയിൽ കൈമാറി. ഇവ കൂടാതെ, മൂന്ന് വാണിജ്യ കരാറുകളും സന്ദർശനത്തോടനുബന്ധിച്ച് അന്തിമതീരുമാനത്തിലെത്തി .

8.2022 ലെ രണ്ടാമത്തെ ഇന്ത്യ-നോർഡിക് ഉച്ചകോടിക്ക് കോപ്പൻഹേഗൻ സന്ദർശിക്കാൻ പ്രധാനമന്ത്രി ഫ്രെഡറിക്സൺ പ്രധാനമന്ത്രി മോദിയേ ക്ഷണിച്ചു . അടുത്ത വർഷം ഇന്ത്യ സന്ദർശിക്കാൻ ബഹുമാനപ്പെട്ട രാഷ്ട്രപതി ഡെൻമാർക്ക് രാജ്ഞി മാർഗരറ്റ് രണ്ടാമന് ക്ഷണം നൽകി.

9. ഇന്ത്യ സന്ദർശന വേളയിൽ, പ്രധാനമന്ത്രി ഫ്രെഡറിക്സൺ ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ നേർക്കാഴ്ചയായ ആഗ്രയും ഗാർവി ഗുജറാത്ത് ഭവനും സന്ദർശിച്ചു,ഹരിത നയതന്ത്ര പങ്കാളിത്തത്തെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിന് അടുത്ത സഹകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഒബ്സർവർ റിസർച്ച് ഫൗണ്ടേഷൻ സംഘടിപ്പിച്ച പരിപാടിയിൽ അവർ ഒരു പ്രത്യേക പ്രഭാഷണം നടത്തി.

10. ന്യൂഡൽഹിയിലെ കേന്ദ്രീയ വിദ്യാലയത്തിലെ വിദ്യാർത്ഥിനികളുമായി അവർ സംവദിച്ചു, അവിടെ അവർക്ക് അടൽ ഇന്നൊവേഷൻ ലാബ് കാണാൻ അവസരം ലഭിച്ചു.

**ന്യൂ ഡെൽഹി**
**ഒക്ടോബർ 12, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.